# SAMAGRA PLUS

## SECOND TERM SAMPLE PRACTICE PAPER

## മലയാളം(കേരള പാഠാവലി)

**സമയം :2 മണിക്കൂർ** **ക്ലാസ്സ് : V**

### നിർദേശങ്ങൾ

➔ മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.

➔ ആകെ 6 പ്രവർത്തനങ്ങൾ നൽകിയിട്ടുണ്ട്.ആദ്യത്തെ പ്രവർത്തനം നിർബന്ധമായും ചെയ്യണം . ബാക്കിയുള്ള അഞ്ചു പ്രവർത്തനങ്ങളിൽ നാലെണ്ണത്തിന് ഉത്തരമെഴുതിയാൽ മതി.

**പ്രവർത്തനം 1- വായിക്കാം എഴുതാം**

കവിത വായിച്ചു ശരിയായ ഉത്തരം ബ്രായ്കറ്റിൽ നിന്നും കണ്ടെത്തി എഴുതുക

പോകൂ ... വിളങ്ങൂ...
മണ്ണിലും വിണ്ണിലും പൊൻതരി വെട്ടമായ്
മിന്നിതെളിഞ്ഞു വന്നെത്തും മിന്നാ മിനുങ്ങേ ,
വെളിച്ചം ചുരത്തുവാൻ സന്നാഹമത്രമേൽ കേമം !
ചുറ്റുമിരുട്ടു വിളംബരം ചെയ്യുവാൻ
മൂങ്ങകൾമൂളിയിരിക്കെ
പാളി പതിയെ തുറന്നു ഞാനീ കിളി_
വാതിലിൽ വന്നിരിക്കുമ്പോൾ സ്വപ്നം
ചിറകുവിരിച്ചണയുമ്പോലെ കെട്ടിപിടിക്കുവാൻ വന്നു.
എന്തു വെളിച്ചമാണയ്യാ, പിടിച്ചൊരു
കണ്ണാടികുപ്പിയിലിട്ടാൽ
എന്നുമിവിടെ വിളക്കായിരുത്തുവാൻ
നന്നെന്നു തോന്നി , യെന്നാലും
എന്തിനീ വെട്ടമെനിക്കുമാത്രം ?പോക-
യെല്ലായിടത്തും തെളിയൂ!
പോകുമിടങ്ങളിലെല്ലാമിരുളിനെ
കീറിമുറിച്ചു രസിക്കൂ !

സ്നേഹക്കനി ( യു .കെ രാഘവൻ )

1 പൊൻതരി വെട്ടവുമായി എത്തുന്നത് ആരാണ്?
( നക്ഷത്രം ,അമ്പിളി മാമൻ ,മിന്നാമിനുങ്ങ്)
2 ഇരുട്ടിനെ വിളംബരം ചെയ്യാൻ മൂളുന്നതാരാണ് ?
(തത്ത , മൂങ്ങ , മിന്നാമിനുങ്ങ്)
3 മിന്നാമിനുങ്ങിനെ എന്ത് ചെയ്യണം എന്നാണ് കുട്ടി ആഗ്രഹിക്കുന്നത് ?
( മുറിയിൽ അടച്ചിടണം , കണ്ണാടികുപ്പിയിൽ ഇടണം,കൈയിൽ പിടിക്കണം)
4 ചിറകു വിരിച്ചണയുന്നത് എന്താണ്?
( മേഘം , പക്ഷി , സ്വപ്നം )
5 മിന്നാമിനുങ്ങിനോട് എന്ത് ചെയ്യാനാണ് കുട്ടി ആശംസിക്കുന്നത് ?
( മിന്നിമിന്നി നടക്കൂ , ഇരുളിനെ കീറിമുറിച്ചു രസിക്കൂ, ഒരിടത്ത് മാത്രം വെളിച്ചം പരത്തൂ)

## പ്രവർത്തനം 2- യാത്രാവിവരണം

മനസ്സിനെ കുളിരണിയിക്കുന്ന പ്രകൃതി ഭംഗിയുമായി എന്നെ ഏറെ മോഹിപ്പിച്ച ഇടം ഏതെന്ന് ചോദിച്ചാൽ എന്റെ മനസ്സിൽ ഇപ്പോൾ തെളിഞ്ഞുവരുന്നത് മനോഹരിയായ മൂന്നാറിന്റെ ചിത്രമാണ് . അവിടത്തെ കുളിരും കോടയും മഞ്ഞിൽ പൊതിഞ്ഞ പ്രഭാതവും എല്ലാം തന്നെ എന്നെ ഏറെ മോഹിപ്പിക്കുന്നുണ്ടായിരുന്നു.

സ്കൂളിൽ നിന്നും പോയ മൂന്നാർ യാത്രയ്ക്കുശേഷം അഞ്ചാം ക്ലാസിലെ ദേവിക എഴുതിയ യാത്രാവിവരണത്തിന്റെ ഒരു ഭാഗമാണ് തന്നിട്ടുള്ളത്. പ്രകൃതി ഭംഗി കളിയാടുന്ന ഏതെങ്കിലും ഒരു സ്ഥലത്തേക്ക് നിങ്ങൾ നടത്തിയിട്ടുള്ള യാത്രയെക്കുറിച്ച് ഒരു യാത്രാവിവരണം തയ്യാറാക്കുക.

## പ്രവർത്തനം 3- കത്ത് തയാറാക്കുക.

"വെള്ളിതൻ നേർത്ത കമ്പികൾ പോലെ മെല്ലെ മെല്ലെ മഴ പൊഴിയുന്നു"- മഴ നിങ്ങൾക്ക് ഇഷ്ടമല്ലേ . നിങ്ങൾ ഇഷ്ടപ്പെടുകയും ചിലപ്പോൾ വെറുക്കുകയും ചെയ്യുന്ന മഴയോട് നിങ്ങൾക്കൊരുപാടു കാര്യങ്ങൾ പറയാനുണ്ടാവില്ലേ?

ഈ കാര്യങ്ങൾ എല്ലാം ചേർത്ത് മഴക്ക് ഒരു കത്തു തയാറാക്കുക.

## പ്രവർത്തനം 4- ജീവചരിത്രക്കുറിപ്പ് തയാറാക്കുക.

ബാലാമണിയമ്മയുടെ ജീവചരിത്രക്കുറിപ്പ് തയ്യാറാക്കുക. തന്നിരിക്കുന്ന വിവരങ്ങളോടൊപ്പം അധിക വിവരങ്ങളും കൂടെ ചേർക്കുക

(A)




**B)** താഴെ കൊടുത്തിരിക്കുന്നവയിൽ ബാലാമണിയമ്മയുമായി ബന്ധപ്പെട്ടത് ഏത്?

(ഒരു ദേശത്തിന്റെ കഥ , ഭൂമിക്ക് ഒരു ചരമഗീതം, അമ്മ)

## പ്രവർത്തനം 5- ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക

താഴെ കൊടുത്ത കവിത വായിക്കൂ .കവിതയുടെ ആശയം , കവിത നൽകുന്ന സന്ദേശം , പദ പ്രയോഗ ഭംഗി ഇവ വിശകലനം ചെയ്ത് ആസ്വാദന കുറിപ്പ് തയാറാക്കുക

കാട്ടിൽ പോകാനുണ്ടോ പോയാൽ

പാട്ടും കേട്ട് നടക്കാം

മാനുകൾ മയിലുകൾ ഓടും വഴികൾ
കാണാനായി പോകാം
ഇലകൾ മൂടിയ വഴികൾ നിറയെ
ഓർമ്മ മണക്കും ഇലകൾ
വഴിയറിയാതെ നടക്കും നമ്മൾ
കണ്ടിട്ടില്ലീ വഴികൾ

-എ ജയകൃഷ്ണൻ

**പ്രവർത്തനം 6- കടങ്കഥക്കളി**

ക്ലാസ്സിൽ നടത്തുന്ന കടങ്കഥക്കളിയിലേക്ക് ആവശ്യമായ 5 കടങ്കഥകളും അവയുടെ ഉത്തരങ്ങളും എഴുതുക

SAMAGRA **PLUS**

**അർധവാർഷിക മൂല്യനിർണയം 2024**

**കേരളപാഠാവലി-മലയാളം**

**സമയം :2 മണിക്കൂർ** **ക്ളാസ്സ് : V**

| ചോദ്യനമ്പർ | ഉത്തര സൂചിക | സ്കോർ | ആകെ |
|---|---|---|---|
| 1 | മിന്നാമിനുങ്ങ് | 1 | 1 |
| | മൂങ്ങ | 1 | 1 |
| | കണ്ണാടികുപ്പിയിൽ ഇടണം | 1 | 1 |
| | സ്വപ്നം | 1 | 1 |
| | ഇരുളിനെ കീറിമുറിച്ചു രസിക്കൂ | 1 | 1 |
| 2 | കാഴ്ചകളെ സൂക്ഷ്മമായി നിരീക്ഷിച്ചിട്ടുണ്ട്<br>ആകർഷകമായ ഭാഷ<br>നേരിട്ട് കാണുന്ന പ്രതീതി<br>ഭൂപ്രകൃതി, ജീവിത രീതി, വസ്ത്രം തുടങ്ങിയവ സൂചിപ്പിച്ചിട്ടുണ്ട്<br>വാക്യഘടന, ചിഹ്നനം എന്നിവ പാലിച്ച് അക്ഷര തെറ്റില്ലാതെ എഴുതിയിട്ടുണ്ട് | 1<br>1<br>1<br>1<br>1 | 5 |
| 3 | കാവ്യാത്മക ഭാഷ<br>ഘടന<br>കാഴ്ചകളുടെ സവിശേഷതകൾ, പ്രയോഗങ്ങൾ<br>ആശയ വ്യക്തത<br>നിരീക്ഷണം | 1<br>1<br>1<br>1<br>1 | 5 |
| 4 | ബാലാമണിയമ്മയുടെ ജീവിതം സംക്ഷിപ്തവും വ്യക്തവുമായി അവതരിപ്പിച്ചിട്ടുണ്ട്<br>ആശയങ്ങൾ ചുരുക്കി വ്യക്തമായി ജീവചരിത്രക്കുറിപ്പ് തയ്യാറാക്കിയിട്ടുണ്ട്<br>വാക്യഘടന, ചിഹ്നനം എന്നിവ പാലിച്ച് അക്ഷര തെറ്റില്ലാതെ എഴുതിയിട്ടുണ്ട്<br>ചോദ്യങ്ങളിലെ സൂചനകൾക്ക് പുറമേയുള്ള വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്<br>ചോദ്യത്തിന് ഉത്തരം | 1<br>1<br>1<br>1 | 5 |

| | | | |
|---|---|---|---|
| | എഴുതിയിട്ടുണ്ട് | 1 | |
| 5 | കവിതയിലെ ആശയങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്<br>സ്വന്തം നിരീക്ഷണം അവതരിപ്പിച്ചിട്ടുണ്ട്<br>സവിശേഷപ്രയോഗം പദഭംഗി എന്നിവ കണ്ടെത്തിയിട്ടുണ്ട്<br>അനുയോജ്യമായ ഭാഷ ഉപയോഗിച്ചിട്ടുണ്ട്<br>വാക്യഘടന, ചിഹ്നനം എന്നിവ പാലിച്ച് എഴുതിയിട്ടുണ്ട് | 1<br>1<br>1<br>1<br>1 | 5 |
| 6 | 5 കടങ്കഥകളും അവയുടെ ഉത്തരങ്ങളും കണ്ടെത്തിയിട്ടുണ്ട് | 5 | |